49



അരവണ്ണഭവായുടെ

# കൂട്ടുകാർ

സംവിധാനം
ശശികുമാർ B.A.

തിരുമേനി റിലീസ്

## അഭിനയിക്കുന്നവർ:

★

സത്യൻ, പ്രേംനസീർ, കൊട്ടാരക്കര, തിക്കുറിശ്ശി
S. P. പിള്ള, ഭാസി, മണവാളൻ ജോസഫ്,
അംബിക, ഷീല, ആറന്മുളപൊന്നമ്മ etc.

★

ഗാനങ്ങൾ:

വയലാർ

സംഗീതം:

ബാബുരാജ്

സംഭാഷണം:

P. J. ആന്റണി

നിർമ്മാണം:

A. K. ബാലസുബ്രഹ്മണ്യം

സംവിധാനം:

**ശശികുമാർ B. A.**

---

## തിരുമേനി റിലീസ്

# കൂട്ടുകാർ

## കഥാസാരം:

അനന്തമായ സ്നേഹത്തിന്റെ കഥയാണിതു്. ആത്മാവിന്റെ ആഴത്തിൽ മനുഷ്യൻ മനുഷ്യനെ കണ്ടെത്തുന്ന പവിത്രമായ സ്നേഹത്തിന്റെ കഥ. സ്നേഹം– എത്ര മനോഹരമാണു് ആ പദം!

അയൽക്കാരായ രാമൻനായരും മമ്മൂട്ടിയും ഇണപിരിയാത്ത "കൂട്ടുകാരാ"ണു്. കൽക്കരി ഖനിയിൽവച്ചു് ഒരു കാൽ നഷ്ടപ്പെട്ടുപോയ മമ്മൂട്ടിയുടെ ഊന്നുവടിയാണു് രാമൻനായർ എന്നാണു് നാട്ടുകാർ പറയുന്നതു്.

റഹീമും ഖദീജയും മമ്മൂട്ടിയുടെ മക്കളാണു്. കുഞ്ഞുനാളിലെ അമ്മ നഷ്ടപ്പെട്ടുപോയ ആ കുഞ്ഞുങ്ങളെ വളർത്തിയതു് അയൽക്കാരനായ രാമൻനായരുടെ ഭാര്യ കാത്തമ്മയാണു്. മമ്മൂട്ടിയ്ക്കു് സ്വന്ത മകനേക്കാൾ ജീവനാണു് കൂട്ടുകാരനായ രാമൻനായരുടെ മകൻ ഗോപിയെ. ഭിന്നമതക്കാരെങ്കിലും ആ അയൽക്കാരുടെ സ്നേഹബന്ധങ്ങൾ അങ്ങനെ ഒരിക്കലും പിരിയാത്തവണ്ണം കെട്ടുപിണഞ്ഞു കിടന്നിരുന്നു. ആ ഗ്രാമത്തിലെ ഏകവൈദ്യരാണു് കുട്ടൻവൈദ്യർ. ചതുരംഗക്കളി ഭ്രാന്തന്മാരായ രാമൻനായരും മമ്മൂട്ടിയും കരുക്കളോടു് മല്ലിട്ടുകൊണ്ടു് ആ വൈദ്യശാലയിൽ പകലന്തിയോളം ഇരിയ്ക്കും. വൈദ്യരുടെ ഒരേ ഒരു മകളാണു് രാധ. പഴയ കളിത്തോഴനായ ഗോപിയെ ഭാവിജീവിതത്തിന്റെ പങ്കാളിയായി സ്വപ്നവും കണ്ടു് നടക്കുകയാണു് അവൾ.

അദ്ധ്വാനശീലനായ ഗോപി പഠനം കഴിഞ്ഞു് മമ്മൂട്ടിയുടെ നിർദ്ദേശമനുസരിച്ചു് കൽക്കരിഖനിയിൽ ഒരു ഉദ്യോഗം സ്വീകരിച്ചു. റഹീം ഒരു ദുർബലമനസ്കനായിരുന്നു. കിടപ്പാടം വരെ സ്ഥലത്തെ പണച്ചാക്കായ ഹാജിയാക്കു് പണയപ്പെടുത്തിയാണു് അവനെ മമ്മൂട്ടി പഠിപ്പിച്ചതു്.

ഗോപിയെപ്പോലെ അവനും ഖനിയിൽ ഒരു ഉദ്യോഗസ്ഥനായി വരണമെന്നു അയാൾ കൊതിച്ചു. പക്ഷെ ചോരയ

ന്നിഞ്ഞ കാലുമായി ഖനീ അപകടരംഗത്തുനിന്നു് എടുത്തുകൊണ്ടുവന്ന ബാപ്പയുടെ പഴയ ചിത്രം അവൻെറ മനസ്സിൽ മായാതെ കിടന്നു. കാലിൽ മുള്ളുകൊള്ളാത്ത ഒരു ജോലിയായിരുന്നു അവൻെറ ആഗ്രഹം. മകൻെറ നിലപാടും കടബാദ്ധ്യതയുടെ പേരിലുള്ള ഹാജിയുടെ നീക്കങ്ങളും കെട്ടുപ്രായം കഴിഞ്ഞുനിൽക്കുന്ന മകളെപ്പററിയുള്ള ഓർമ്മകളും മമ്മൂട്ടിയെ വേദനയുടെ തീ തീററുകയായിരുന്നു.

അറുപതുകാരനായ ഹാജിയ്ക്കു് ഒരു മോഹം—ഖദീജയെ സ്വന്തമാക്കണമെന്നും അതിന്നു് ഒരു വഴികണ്ടുപിടിക്കാൻ അയാൾ തലപുകഞ്ഞു് ആലോചിക്കുകയാണു്.

ഗോപി അവധിയ്ക്കുവന്നിരിക്കുന്നു. മടങ്ങിപോകുന്നതിന്നു് മുമ്പേ അവൻ ഒരു നല്ല കല്ല്യാണം നടത്തണമെന്നാണു് രാമൻനായർക്കു്. പക്ഷെ അവൻെറ മനസ്സു് രാധയിൽ തങ്ങിനിന്നിരുന്നു.

ഹാജിയാർ തേങ്ങായിടീക്കാൻ ഒരു ദിവസം മമ്മൂട്ടിയുടെ പറമ്പിൽവന്നു. ഖദീജ അല്ലാതെ ആ വീട്ടിൽ ആരും ഇല്ല. ഹാജി അവളെ കടന്നുപിടിച്ചു അവിചാരിതമായി ആ രംഗത്തു് എത്തിയ ഗോപിയെ കണ്ടു അയാൾ പേടിച്ചു. പക്ഷെ ഒരു വലിയ വിപത്തിൻെറ ആരംഭമായിട്ടാണു് അതു കലാശിച്ചതു്. മൂട്ടലമനസ്സനായ റഹീമിനോടു് ഹാജി ഒരു പുതിയ കഥ പറഞ്ഞുകേൾപ്പിച്ചു, ഗോപിയും ഖദീജയും തമ്മിൽ അവിഹിതമായ ബന്ധം പുലത്തുന്നു എന്നു്. വികാരവിവശനായ അവൻ വീട്ടിലേയ്ക്കു് ഓടി. ഒരു ഭ്രാന്തനെപ്പോലെ അവൻ ഖദീജയെ പിടിച്ചുതല്ലി. തടസ്സംപിടിക്കാൻ ചെന്ന ഗോപിയെ അവൻ ആട്ടിപുറത്താക്കി. ഗോപിയ്ക്കു് വന്ന കല്ല്യാണ ആലോചനക്കാരും ഹാജി പരത്തിയ അപവാദത്തിൻെറ പേരിൽ മടങ്ങിപോയപ്പോൾ രാമൻനായർ ക്ഷുഭിതനായി. പക്ഷെ ഇതു് ഒരു കെട്ടുകഥയാണെന്നു മനസ്സിലാക്കിയ മമ്മൂട്ടി രാമൻനായരെ തിരുത്താൻ ശ്രമിച്ചെങ്കിലും നിർഭാഗ്യവശാൽ അതു് ഒരു വഴക്കിലാണു് അവസാനിച്ചതു്. ആ ഉററ ചങ്ങാതികൾ ബദ്ധവിരോധികളായി പിരിഞ്ഞു. ആ തെററിദ്ധാരണയുടെ പുക പടലങ്ങൾ രാധയുടെ ഹൃദയത്തെയും കലുഷമാക്കി. എന്തിനു്– വേദനയോടെ

ഗോപി ജോലിസ്ഥലത്തേയ്ക്കു് മടങ്ങിപ്പോയി. ഈ തക്കംനോക്കി വിവാഹാലോചനയുമായി വന്ന ഹാജിയാരുടെ നേക്കു മമ്മൂട്ടി പൊട്ടിച്ചീറി പക്ഷെ ഹാജിയാർ ഭഗ്നാശനായില്ല. കാര്യസാദ്ധ്യത്തിനായി അയാൾ പുതിയ വഴികൾ ആരാഞ്ഞു.

വിട്ടിലെ വൈഷമ്യങ്ങൾ റഹിമാൻെറ കണ്ണു തുറപ്പിച്ചു. ഒരു ജോലി തേടി അവൻ നാടുവിട്ടു. ഒടുവിൽ കൽക്കരി ഖനിയിൽ ഗോപിയുടെ കീഴിൽ അവനു് ഒരു ജോലി ലഭിച്ചു.

പക്ഷെ കയ്പേറിയ അനുഭവങ്ങളാണു് റഹീമിനു് ഗോപിയിലൂടെ അവിടെ നേരിടേണ്ടിവന്നതു്. ഗോപിയുടെ ക്രൂരമായ പെരുമാററങ്ങളും നിർദ്ദയമായ പ്രവർത്തികളും റഹിമാനെ ക്രമേണ ഒരു പ്രതികാരേച്ഛു വാക്കി മാററി. ഒരു കത്തിയുമായി അവൻ ഗോപിയുടെ ജാലകത്തിനരികിൽ ചെന്നു. പക്ഷെ അകത്തു് സംസാരം– അവനു് വിശ്വസിക്കാനെ കഴിഞ്ഞില്ല. ഖനിയിൽ ഉദ്യോഗക്കയററത്തിനു് റഹിമാനെ ശിപാർശ ചെയ്യുകയും അവൻെറ വളർച്ചക്കുവേണ്ടി മനഃപൂർവ്വം ക്രൂരതയുടെ മൂടുപടം അണിയേണ്ടിവന്നതിൽ വേദനിക്കുകയും ചെയ്യുന്ന ഗോപിയുടെ സ്വരം!— റഹിമാൻ വിതുമ്പിക്കരഞ്ഞുപോയി............. ആ ചങ്ങാതികൾ വീണ്ടും ഒന്നിച്ചുകൂടി. കണ്ണുനീരിൽ അവരുടെ തെററിദ്ധാരണകൾ അലിഞ്ഞുപോയി!

ലിവിൽ നാട്ടിൽവന്ന റഹിമാൻ ഖദീജയുടെ കല്യാണംഉറപ്പിച്ചതിനോടൊപ്പം കൂട്ടുകാരായ തൻെറ വാപ്പായുടേയും രാമൻനായരുടേയും പിണക്കംതീർക്കാൻ ഒരു ഭഗീരഥപ്രയത്നം നടത്തി. പക്ഷെ അതു് പൂർത്തിയാകുന്നതിനുമുമ്പേ ജോലിസ്ഥലത്തുനിന്നും ലഭിച്ച അടിയന്തിര സന്ദേശം അനുസ്സരിച്ചു് അവനു് സ്ഥലംവിടേണ്ടിവന്നു. ഖനനസ്ഥലം ഇടിഞ്ഞുവീണു അപകടത്തിലായിപ്പോയ ഗോപിയേയും ഏതാനും തൊഴിലാളികളേയും റഹിമാൻ ഉൾപ്പെടെയുള്ള ജോലിക്കാരുടെ അവിരാമശ്രമംമൂലം രക്ഷപെടുത്തുന്നു. ആശുപത്രിയിൽവച്ചു് കണ്ണുതുറന്ന ഗോപി റഹിമാനിൽനിന്നും ഖദീജയുടെ വിവാഹനിശ്ചയവാർത്ത അറിയുന്നു......... ക്ഷീണം അവഗണിച്ചു റഹിമാനോടൊപ്പം ഗോപിയും നാട്ടിലേക്കു് യാത്ര തിരിക്കുന്നു.

ആ വിവാഹം നടത്തുകയില്ലെന്ന് ഹാജിയാർ അട്ടഹസിച്ചു. സന്തതസഹചാരിയായ പോക്കരെ അയാൾ ഏതിനും പ്രേരിപ്പിച്ചു. പക്ഷെ അവൻ വഴങ്ങിയില്ല. പോക്കറിന്റെ നാക്ക് ഒരു പുതിയ കഥ വെളിച്ചത്തു കൊണ്ടുവന്നു. ജീവിതത്തിൽ അന്നുവരെ ഹാജിയാർ ഹജ്ജിനു പോയിട്ടില്ലെന്നുള്ള സത്യം!

ലോകം മുഴുവനും ഉറങ്ങുന്ന രാത്രി മമ്മൂട്ടിയുടെ പുരയ്ക്ക് തീയുംവെച്ച് ഓടിയ ഹാജിയാരോട് ഒരു പാമ്പ് പ്രതികാരം ചെയ്തു. പക്ഷെ ഒററക്കാലനായ മമ്മൂട്ടി തീയിലകപ്പെട്ടുപോയി. അയാളുടെ പ്രാണരോദനം കേട്ട് പിണക്കംമറന്ന് രാമൻനായർ കൂട്ടുകാരനെ രക്ഷിക്കാൻ ഓടി എത്തി........തീയിലേക്ക് കുതിച്ചു. ആളിപ്പടരുന്ന തീയുടെ നടുവിൽ ആ കൂട്ടുകാർ പൊട്ടിക്കരഞ്ഞുകൊണ്ട് കെട്ടിപ്പിടിച്ചു. മമ്മൂട്ടിയെ രക്ഷപെടുത്താനുള്ള ശ്രമത്തിനിടയിൽ വീട് തകർന്ന് ആ മനുഷ്യസ്നേഹികളുടെ മേൽപതിച്ചു. പെങ്ങളുടെ വിവാഹത്തിൽ സംബന്ധിക്കാൻ രാത്രി വണ്ടിയ്ക്കെത്തിയ റഹിമാനും ഗോപിയും തകർന്നടിഞ്ഞ ആ വീട്ടിന്റെ ചാമ്പൽ കൂമ്പാരത്തിനിടയിൽ ഇണപിരിയാത്ത കൂട്ടുകാരുടെ കത്തിക്കരിഞ്ഞ മൃതദേഹങ്ങൾ കണ്ടെടുത്തു. മരണത്തിലും അവർ കെട്ടി പുണർന്നു തന്നെ കിടന്നിരുന്നു!

ആ ഗ്രാമത്തിന്റെ ഹൃദയത്തിലൂടെ ഒരു ഘോഷയാത്ര കടന്നുപോയി. ആ കൂട്ടുകാരുടെ അന്തിമഘോഷയാത്ര. മുക്കവലയിൽ വച്ചു അവർ വിടവാങ്ങി. ഒന്നു ശ്മശാനത്തിലേക്കും മറെറാന്നു ശവപ്പറമ്പിലേക്കും! പക്ഷെ അനന്തമായ സ്വർഗ്ഗസീമയിൽ ആ കൂട്ടുകാർ ഒരിക്കലും വേർപിരിയുകയില്ല.

# ★ കൂട്ടുകാർ ★

## പാട്ട് 1.

പാടിയതു്: യേശുദാസ്

അസതോ മാസത്ഗമയ
തമസോ മാ ജ്യോതിർഗമയ
മൃത്യോർ മാ അമൃതംഗമയ

* * *

അല്ലാഹു അക്ബർ
ഒരു ജാതി ഒരുമതം ഒരു ദൈവം
ഓർമ്മവേണമീയദ്വൈതമന്ത്രം
സന്ധ്യാനാമം ചൊല്ലുമ്പോഴും
അന്തിവിളക്ക് കൊളുത്തുമ്പോഴും
മാനത്തു തിരയേണ്ട മണ്ണിൽ തിരയേണ്ട
മനസ്സിലെ യീശ്വരനൊന്നല്ലോ
(ഒരു ജാതി)

ജീവിതം നീന്തിയ പുൽത്തഴപ്പായയിൽ
ഓരോ നേരവും നിസ്കരിയ്ക്കുമ്പോഴും
മതമേതായാലും ജാതിയേതായാലും
മനുഷ്യൻ മറക്കരുതീ മന്ത്രം
(ഒരു ജാതി)

## പാട്ട് 2.

പാടിയതു്: യേശുദാസ്, S. ജാനകി.

കറമൊഴിമുല്ല പ്പൂത്താലവുമായ്
കളിച്ചു തൊഴുതുവരുന്നവളേ
പുതുമഴ കൊള്ളേണ്ട പൊൻവെയിൽ കൊള്ളണ്ട-
പച്ചിലക്കുടക്കീഴിൽ നിന്നാട്ടേ-എന്റെ
പച്ചിലക്കുടക്കീഴിൽ നിന്നാട്ടെ
ആരെങ്കിലും വന്നു കണ്ടാലോ
അർത്ഥം വച്ചു ചിരിച്ചാലോ,
ഞാനില്ല ഞാനില്ല ഞാനില്ല

നിൻെറ കിനാവിൻെറ യിളനീരതൊരു
നീലക്കാർവണ്ണനു നേദിച്ചു
നിൻ പ്രേമപൂജാ പുഷ്പങ്ങളൊരുടെ
യമ്പലനടയിൽ പൂജിച്ചു
മറെറാരു ദേവനെനിയ്ക്കില്ല—ഇനി
മറെറാരു ശ്രീകോവിലില്ല—കുറമൊഴി
തൊടുന്നതെല്ലാം പൊന്നാകും–നിൻ
താമരവളയ കൈവിരലാൽ
എൻ മനോരാജ്യത്തെ ദേവാലയത്തിലെ
മൺവിളക്കെന്നു കൊളുത്തും നീ
വൃശ്ചികവ്രതമൊന്നു കഴിഞ്ഞോട്ടെ–ഞാൻ
വിവാഹ മോതിരമണിഞ്ഞോട്ടെ–

പാട്ട് 3.

പാടിയതു്: പി. സുശീല

കണ്ണാടിക്കുട്ടിലെ–കണ്ണുനീർക്കൂട്ടിലെ
സ്വർണ്ണ മത്സ്യങ്ങളെ
നൊമ്പരങ്ങളാം കൽമ്പിലൊതുക്കും
നിങ്ങളും ഞാനുമൊരുപോലെ
കരയുവാൻപോലും ഭാഗ്യംകിട്ടാത്ത
തടവുകാരികളെ
ഏഴാം ബഹറിലെ ഏതോകിനാവിൻെറ
തോഴികളായിരുന്നു–നമ്മൾ
തോഴികളായിരുന്നു (കണ്ണാടി)
ഇനിയും ജന്മങ്ങളുണ്ടെങ്കിൽ ബദരീങ്ങളേ
ഇവിടേയ്ക്കയക്കരുതേ
കണ്ണീർകടലിലെ കളിമൺദ്വീപിലെ
പെണ്ണായ് ജനിക്കരുതേ–ഇങ്ങനെ
പെണ്ണായ് ജനിക്കരുതേ (കണ്ണാടി)

പാട്ട് 4.

പാടിയതു്: യേശുദാസ്

നോ വേക്കൻസി
നോ വേക്കൻസി

ഭൂമിയിലെവിടെ ചെന്നാലും
നോ വേക്കൻസി—മനുഷ്യന്നു
നോ വേക്കൻസി
പിറന്ന നാടും വീടും വിട്ടു
വരുന്നവരെ
ജനിച്ചതെററിന്നു ജീവിത ഭാരം
ചുമന്നലഞ്ഞവരെ
തൊഴിലും തേടി തെരുവുകൾ നീളെ
തളർന്നുവീണവരെ
നഗരവിളക്കിന്നു കീഴിലുറങ്ങി
യുണർന്നവരേ
തലയുയർത്തുമകളിൽ ശൂന്യാകാശം
താഴെ തെരുവീഥി
രാഷ്ട്ര പുരോഗതിയുടെ ചൂണ്ടു വാക്കും
ഫാക്ടറികൾ
കാററിൽ പുകയുടെ കൊടികളുയർത്തും
ഫാക്ടറികൾ
കുഴലു വിളിക്കും കമ്പനികൾ
നമ്മുടെ രക്ഷാമാർഗ്ഗങ്ങൾ
നമ്മുടെ ആശാകേന്ദ്രങ്ങൾ
നമ്മുടെ നേരേ നിന്നലറുന്നു
നോവേക്കൻസി

## പാട്ട് 5

പാടിയതു്: യേശുദാസ്)

നിഴലുകളേ — നിഴലുകളേ
നിങ്ങളെന്തിന്നു കൂടെ വരുന്നു
നിശ്ശബ്ദ നിഴലുകളേ നിശ്ശബ്ദനിഴലുകളേ
എന്നെമാത്രം കരികൊണ്ടെന്തിന്നു
മണ്ണിൽ വരയ്ക്കുന്നു നിങ്ങൾ
നിങ്ങൾ പ്രതികാര ഭീകര രൂപങ്ങൾ
നിങ്ങളിരുട്ടിൻെറ പ്രേതങ്ങൾ (നിഴലുകളേ)

ജീവിതം വിളയും ഖനികൾ തേടി ഞാൻ
ഈ വഴിത്താരയിൽ വന്നു
കനകം കണ്ടില്ല രത്നങ്ങൾ കണ്ടില്ല
കണ്ടതു കൽക്കരിയല്ലോ— (നിഴലുകളേ)
ഈ മരുഭൂമിയിൽ ദാഹജലം തേടി
ഈറൻ കണ്ണുമായ് വന്നു
മുന്നിൽ ഞാൻ കണ്ട തടാകങ്ങളത്രയും
കണ്ണുനീർ നിറഞ്ഞവയല്ലേ (നിഴലുകളേ)

## പാട്ട് 6

പാടിയതു്: P. ലീല & പാർട്ടി

വീട്ടിലിന്നലെ വടക്കു നിന്നാരോ
വിരുന്നു വന്നതു ഞാനറിഞ്ഞു ഞാനറിഞ്ഞു
വിരിഞ്ഞു നിൽക്കും സ്വപ്നവുമായ് നീ
ഒരുങ്ങി നിന്നതും ഞാനറിഞ്ഞു,
ഒരുങ്ങിനിന്നതും ഞാനറിഞ്ഞു
(വീട്ടിലിന്നലെ)

പാതിചാരിയ വാതിലിന്നരികിൽ
കാതോർത്തു നിന്നപ്പോളെന്തുതോന്നി
ഒളികണ്ണാൽ നിന്റെ പുതുമണവാളനെ
ഒരു നോക്കു കണ്ടപ്പോളെന്തുതോന്നി
പോപെണ്ണേ
പോടീപെണ്ണേ
ചിലയ്ക്കാതെ

കല്യാണദിവസമടുക്കുമ്പോൾ പെണ്ണിനു്
കരളിനകത്തൊരു പെരുന്നാള്
കളിയാണു് ചിരിയാണു് പാട്ടാണു്
കവിളത്തു കുങ്കുമപ്പൂക്കളാണു്

## അവർ

ഉത്തരമധുരയിലെ മദാലസയായ വേശ്യ,
അവളുടെ കടക്കണ്ണിന്റെ മുന്നിൽ
സിംഹാസനങ്ങൾ ചലിച്ചു, കനകമഴ പൊഴിച്ചു
പക്ഷെ അവളുടെ പ്രണയം
ചീവരധാരിയായ സന്യാസിയിലേക്ക് പതിച്ചു.
പക്ഷെ സമയമായില്ല.

## ഒടുവിൽ

സമ്പത്തും പ്രതാപവും അടിയറ പറഞ്ഞു.
അവർ പിന്നെയും പാപം ചെയ്തു.
പാപത്തിന്റെ ഫലം മരണമാണ്
പക്ഷെ ആ മരണം അവർക്ക് പുണ്യം-
കൊണ്ടുവന്നു.

അവസാനം സമയമായി

## അതേ

ഗിരി മൂവീസിന്റെ

**കരുണ** നിങ്ങളെ സമീപിക്കുന്ന സമയമായി.

കേരളത്തിന്റെ അഭിമാന സമ്പത്തായ
മഹാകവി കുമാരനാശാന്റെ

# കരുണ

(മലയാളം)

നിർമ്മാണം, സംവിധാനം, നൃത്തസംവിധാനം:

**കെ. തങ്കപ്പൻ**

**തിരുമേനി പിക്ച്ചേഴ്സ്**

സി. പി. പ്രസ്സ്, എറണാകുളം.

## പ്രദർശന സുദിനം പ്രതീക്ഷിപ്പിൻ!

തോമസ് പിക്ചേഴ്സ്

# കായംകുളം കൊച്ചുണ്ണി

(മലയാളം)

അഭിനയിക്കുന്നവർ:

സത്യൻ, പ്രേംനസീർ, തിക്കുറിശ്ശി,
അടൂർഭാസി, ഉഷാകുമാരി,
കമലാദേവി, സുകുമാരി etc.

ഗാനങ്ങൾ:
പി. ഭാസ്കരൻ

സംഗീതം:
ചിദംബരനാഥ്

നിർമ്മാണം & സംവിധാനം
**P. A. തോമസ്സ്**

തിരുമേനി റിലീസ്